പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.2237 05-02-2018-ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ.വി.ഡി. സതീശൻ<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.സണ്ണി ജോസഫ് | ഡോ.ടി.എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |

റവന്യൂ വരവും ട്രഷറി നിയന്ത്രണവും

| | | |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ റവന്യു വരവ് വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെ യാണ് ; | ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം റവന്യൂ പിരിവ് ഊർജ്ജിതവും കാര്യക്ഷമവുമാക്കുന്നതിന് നികുതി സമാഹരിക്കുന്ന പ്രധാന വകുപ്പുകൾ മുഖേന കൈക്കൊണ്ട നടപടികൾ ചുവടെ ചേർക്കുന്നു:<br>**രജിസ്ട്രേഷൻ വകുപ്പ്**<br>(i) അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിനായി ഒറ്റതവണ തീർപ്പാക്കൽ പദ്ധതി നടപ്പിൽ വരുത്തി.<br>(ii) ഫ്ലാറ്റുകളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട റവന്യൂ നഷ്ടം തടയുന്നതിനായി Central PWD മാനദണ്ഡപ്രകാരമുള്ള വില നിർണ്ണയത്തിനായി കേരള മുദ്രപത്ര നിയമത്തിൽ 28B എന്ന പുതിയ സെക്ഷൻ കൂട്ടിച്ചേർത്തു.<br>**എക്സൈസ് വകുപ്പ്**<br>(i) അബ്കാരി കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (ആംനെസ്റ്റി സ്കീം) നടപ്പിലാക്കി.<br>**വാണിജ്യ നികുതി വകുപ്പ്**<br>(i) മെറ്റൽ ക്രഷർ യൂണിറ്റുകൾ, മറ്റ് നിർമ്മാണ യൂണിറ്റുകൾ എന്നിവ രജിസ്ട്രേഷൻ എടുത്തിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മലിനീകരണ നിയന്ത്രണ |

| | | |
|---|---|---|
| | | ബോർഡ്, മൈനിംഗ് & ജിയോളജി വകുപ്പ്, ഇൻകം ടാക്സ് വകുപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവിടങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>(ii) ദീർഘകാലമായുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിലേയ്ക്കായി ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിൽ വരുത്തി. |
| (ബി) | ഇതിലൂടെ റവന്യൂ വരുമാനത്തിൽ 2016-17, 2017-18 (ഡിസംബർ 31 വരെ) കാലഘട്ട ങ്ങളിൽ ഉണ്ടായ വർദ്ധനവ് വ്യക്തമാക്കുമോ ; | 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 8.16% ത്തിന്റെയും നികുതിയേതര വരുമാനത്തിൽ 15.13% ത്തിന്റെയും വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ താൽക്കാലിക കണക്കുകൾ പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ നവംബർ 30 വരെ ഈ ഇനങ്ങളിൽ യഥാക്രമം 5.26% ത്തിന്റെയും 16.86% ത്തിന്റെയും വർദ്ധനവ് മുൻവർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് നേടുവാൻ സാധിച്ചിട്ടുണ്ട്. |
| (സി) | 2018 ജനുവരി 15 വരെ സാമ്പത്തിക പ്രതിസന്ധിമൂലം ട്രഷറി നിയന്ത്രണം ഏർപ്പെടുത്തേണ്ട സാഹചര്യമുണ്ടാ യിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ അവശ്യ ചെലവുകളെ കാര്യമായി വെട്ടിക്കുറയ്ക്കുന്നതിനും നീട്ടി വയ്ക്കു ന്നതിനും ഇത് ഇടയാക്കിയിട്ടുണ്ട് ; | സംസ്ഥാനത്തിന്റെ പ്രതിമാസ വരുമാനം നിശ്ചിതവും എന്നാൽ ചെലവുകൾക്ക് ബഡ്ജറ്റിലൂടെയുള്ളതല്ലാതെ മറ്റ് നിയന്ത്രണ ങ്ങളൊന്നുമില്ലാത്തതിനാൽ വരവിനനുസരിച്ച് ട്രഷറി മുഖേനയുള്ള ചെലവുകൾ ക്രമപ്പെടുത്തേണ്ടത് സംസ്ഥാനത്തെ സംബ ന്ധിച്ചിടത്തോളം അത്യന്താപേക്ഷിതവും കാലാകാലങ്ങളായി തുടർന്നുപോരുന്ന ഒരു നടപടി ലിക്വിഡിറ്റി പ്രതിസന്ധി തരണം ചെയ്യുന്നതിന് ആവശ്യമായ നിയന്ത്രണങ്ങൾ ട്രഷറി വിനിമയങ്ങളിൽ 2017 നവംബർ-ഡിസംബർ മാസങ്ങളിൽ ഏർപ്പെടുത്തി യിരുന്നു. മാസാദ്യം ലഭിച്ചിരുന്ന നികുതി വിഹിതം മദ്ധ്യത്തിലേയ്ക്ക് മാറ്റിയതും പബ്ലിക് അക്കൗണ്ട് വായ്പാവരുമാനമായി |
| (ഡി) | കാർഷികമേഖലയിലും പരമ്പരാഗത മേഖലയിലുമുള്ള തൊഴിലാളികളെ ട്രഷറി നിയന്ത്രണം സാരമായി ബാധിച്ചു എന്ന് കരുതുന്നുണ്ടോ ; | |
| (ഇ) | ട്രഷറി നിയന്ത്രണം ഏർപ്പെടുത്തേണ്ടി വന്ന സാഹചര്യമെന്താണ് ; വിശദമാക്കുമോ ? | |

| | | |
|---|---|---|
| | | കണക്കാക്കി അനുവദനീയ വായ്പാപരിധി ചുരുക്കുമെന്ന ചരിത്രത്തിലാദ്യമായിട്ടുള്ള കേന്ദ്രസർക്കാർ നിലപാടുകളുമാണ് ലിക്വിഡിറ്റി പ്രതിസന്ധിയുടെ അടിയന്തിര കാരണങ്ങൾ. എന്നാൽ നിലവിൽ പദ്ധതി-പദ്ധതിയേതര ചെലവിനങ്ങളുടെ 5 കോടി രൂപവരെയുള്ള ബിൽ തുകകൾ ട്രഷറിയിൽ നിന്ന് ഗുണഭോക്താക്കൾക്ക് മാറി നൽകുന്നതിന് നിയന്ത്രണങ്ങൾ ഒന്നുംതന്നെ ഏർപ്പെടുത്തിയിട്ടില്ല. കരാറുകാർക്കുള്ള ബില്ലുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾ ഇവയ്ക്ക് യാതൊരുവിധ ട്രഷറി നിയന്ത്രണവും ബാധകമാക്കിയിട്ടില്ല. ട്രഷറി നിയന്ത്രണം സംസ്ഥാനത്തെ സമ്പദ് വ്യവസ്ഥയിലെ ഏതെങ്കിലും മേഖലകളെ പ്രതികൂലമായി ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

അക്കൗണ്ട്സ് ഓഫീസർ